(ബി) ഇത്തരം ഭൂമി ലഭ്യമായ ഭൂരഹിതരിൽ എത്ര പേർക്ക് 2011 മുതൽ 2015 വരെയുള്ള കാലയളവിൽ ആധാരവും പട്ടയവും നല്കി ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്തുടനീളം തോട്, പുഴ, പാറ, കുളം, തീരപ്രദേശം, റോഡ് എന്നിവയുടെ പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിച്ചു വരുന്നവർ എത്ര എന്നും, ഇവരിൽ പട്ടയം ആവശ്യപ്പെട്ടവർ എത്ര എന്നും മേൽപ്പറഞ്ഞ കാലയളവിൽ ഈ സർക്കാർ എത്ര പേർക്ക് പട്ടയം നൽകി എന്നും വർഷം തിരിച്ചും, പട്ടയം നൽകാത്തവരിൽ എത്ര പേർക്ക് മറ്റ് സർക്കാർഭൂമി നല്കി എന്നും ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഡി) മിച്ച ഭൂമി ആണെന്നറിയാതെ വഞ്ചിക്കപ്പെട്ട കർഷകർ എത്രയെന്നും അവർക്ക് എത്ര ഭൂമിയുണ്ടെന്നും അവരിൽ എത്രപേർക്ക് ഈ സർക്കാർ പട്ടയം നല്കിയെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കുത്തകപാട്ട ഭൂമിക്ക് പട്ടയം

143 (5227) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ ഏലം കൃഷിക്കുവേണ്ടി എത്ര ഹെക്ടർ സ്ഥലമാണ് കുത്തകപ്പാട്ട വ്യവസ്ഥയിൽ അനുവദിച്ച് നൽകിയിട്ടുള്ളത് ;

(ബി) കുത്തകപ്പാട്ടം പുതുക്കി കൊടുക്കുന്നതിന് എന്തെങ്കിലും തടസ്സം നില്ക്കുന്നുണ്ടോ ;

(സി) കുത്തകപ്പാട്ട ഭൂമിയിൽ കൃഷി നടത്തുന്ന കർഷകരുടെ ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) കുത്തകപ്പാട്ട ഭൂമിക്ക് പട്ടയം നൽകുന്ന പക്ഷം ഭൂമി ക്രയവിക്രയം ചെയ്യുമ്പോൾ സർക്കാരിന് മുദ്ര വിലയും രജിസ്ട്രേഷൻ ഫീസും ഇനങ്ങളിൽ നല്ല വരുമാനം ലഭിക്കുമെന്നതിനാൽ കുത്തകപ്പാട്ട ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 12478.7535 ഹെക്ടർ സ്ഥലം ഏലം കൃഷിക്കായി കുത്തകപ്പാട്ട വ്യവസ്ഥയിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള 202/95 നമ്പർ റിട്ട് ഹർജി തീർപ്പാക്കിയിട്ടില്ല. എന്നാൽ സൈസസ് ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് ലഭിക്കുന്നതിനായി ഒ.പി.നമ്പർ 10352/97-ലെ 33392/00 സി.എം.പി.യിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 01/08/2000-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാട്ടം പുതുക്കി നൽകാത്ത കേസുകളിലും പാട്ടകക്ഷികളിൽ നിന്നും പാട്ടത്തുകയും പ്രീമിയവും ഈടാക്കാവുന്നതാണെന്ന് സർക്കാർ 23-2-2010-ലെ 72355/ഇ 2/ 2002/റവ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) നിലവിൽ പരിഗണനയിൽ ഇല്ല.

സ്മാർട്ട് വില്ലേജുകൾ

144 (5228) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം ജനകീയവും സുതാര്യവും ആക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളെയാണ് സ്മാർട്ട് വില്ലേജുകൾ ആയി പ്രഖ്യാപിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) ഇനി ഏതെല്ലാം വില്ലേജാഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുന്നതിനായി പരിഗണിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) നവീന വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വില്ലേജ്, താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജനകീയവും സുതാര്യവുമാക്കുന്നതിനായി ഇ-ഡിസ്ട്രിക്ട് പദ്ധതി, സ്മാർട്ട് റവന്യൂ ഓഫീസുകൾ, ഓൺലൈൻ പോക്കുവരവ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ-1 വില്ലേജിനെ സ്മാർട്ട് വില്ലേജ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly